**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിനായി ചേർന്ന കൊളോക്കിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി ചേർന്ന കൊളോക്കിയം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; തീരുമാനങ്ങൾ വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കൊളോക്കിയം 2022 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സർവ്വകലാശാല/ കോളേജ് അദ്ധ്യാപകരും അനദ്ധ്യാപകരും മറ്റും രണ്ട് ദിവസത്തെ കൊളോക്കിയത്തിൽ പങ്കെടുത്ത്, ഉന്നത വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ചർച്ച ചെയ്തു.<br><br>**<u>പ്രധാന തീരുമാനങ്ങൾ:</u>**<br><br>• സംസ്ഥാനത്ത് 4 വർഷ ഡിഗ്രി കോഴ്സുകൾ 2023-24 അധ്യയനവർഷം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.<br>• 4 വർഷ ഡിഗ്രി പ്രോഗ്രാമുകളിൽ ഫൗണ്ടേഷൻ കോഴ്സുകൾ ഉൾപ്പെടുത്തും.<br>• 3-ാം വർഷം ഡിഗ്രി പഠനം അവസാനിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അനുമതി ഉണ്ടാകും.<br>• 4 വർഷ ബിരുദക്കാർക്ക് പി.ജി. തലത്തിൽ ലാറ്ററൽ എൻട്രി<br>• പി.ജി.-പി.എച്ച്.ഡി ഇൻറഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കും.<br>• ഗവേഷണ താൽപര്യമുള്ള JRF/SRF ലഭിക്കാത്ത സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്.<br>• ഉന്നത വിദ്യാഭ്യാസ വികസനത്തിനായി പ്രത്യേക ഫണ്ട് സമാഹരിക്കും.<br>• ഇന്റർയൂണിവേഴ്സിറ്റി മാറ്റം സുഗമമാക്കുന്നതരത്തിൽ |

| | | | |
|---|---|---|---|
| | | | തുല്യതാസർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>• ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിക്കും.<br>• ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികളും/സ്ഥാപനങ്ങളും ആരംഭിക്കും. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകളും നാലുവർഷ ബിരുദവും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിലൂടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടു പോകുമ്പോൾ പ്രസ്തുത ലക്ഷ്യത്തിന് തടസ്സമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ചില കോണുകളിൽ നിന്നുണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിജ്ഞാന സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ